"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലനവകുപ്പ്**

(കേരളസംസ്ഥാനം)

ട്രെയിനിംഗ് ഡയറക്ടറേറ്റ്, ലേബർ കോംപ്ലക്സ്, വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം, 0471-2303856, cru.dttvpm@kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**
**(നിലവിൽ: ജാസ്മിൻ ബി, കെ എ എസ്)**

**വിഷയം:-** വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ഡ്രസ്സർ തസ്തികയുടെ 2024 വർഷത്തെ പൊതു സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:-**
1. ജി ഒ(പി) നം 3/2017 പി & എആർഡി തീയതി 25.02.2017.
2. 01.08.2024 ലെ DT/2314/2024-A2 നമ്പർ വിജ്ഞാപനം.
3. 08.10.2024 ലെ DT/2314/2024-A2 നമ്പർ ചുറ്ററിയിപ്പ്.

**ഉത്തരവ് നമ്പർ: DT/5339/2024-A9 തീയതി: 27-11-2024**

പരാമർശം(2) പ്രകാരം വകുപ്പിലെ വിവിധ കേഡറുകളിലെ ജീവനക്കാരുടെ 2024 വർഷത്തെ ഓൺലൈൻ പൊതു സ്ഥലം മാറ്റത്തിനായി സ്പാർക്ക് മുഖേന അപേക്ഷകൾ ക്ഷണിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രസ്സർ തസ്തികയിൽ ലഭ്യമായ അപേക്ഷകളിന്മേൽ സ്പാർക്ക് മുഖേന ജനറേറ്റ് ചെയ്ത Spark Generated Draft List പരാമർശം(3) പ്രകാരം പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ടി കരട് ലിസ്റ്റിൻമേൽ ചുവടെ പറയുന്ന അപ്പീൽ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ പൊതു സ്ഥലം മാറ്റ മാർഗ്ഗ നിർദേശങ്ങളുടെയും നിലവിലുള്ള ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീർപ്പാക്കി ഉത്തരവാകുന്നു.

| ക്രമ നം | പേര്/സ്ഥാപനം | ആക്ഷേപം | അപ്പീലിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| 1. | മിനിമോൾ.റ്റി ഐ.ടി.ഐ പള്ളിക്കത്തോട് | 2024 വർഷത്തെ സ്ഥലം മാറ്റത്തിന്റെ കരട് പട്ടികയിൽ സ്ഥലം മാറ്റത്തിനായി പരിഗണിച്ചിട്ടില്ല. ഭിന്നശേഷിക്കാരിയായ ജീവനക്കാരി. ചാക്ക ഐ.ടി.ഐ ലേയ്ക്ക് സ്ഥലം മാറ്റത്തിനായി പരിഗ | സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്ന ചാക്ക ഐ.ടി.ഐ യിൽ നിലവിൽ സേവനത്തിലുള്ളതും, ഓപ്ഷൻ പ്രകാരവും, പ്രത്യേക മുൻഗണനാ പ്രകാരവും 2023 വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ ചാക്ക ഐ.ടി.ഐ ലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചതുമായ ജീവനക്കാരി ടി സ്ഥാപനത്തിൽ കാല |

| | | | |
|---|---|---|---|
| | | ണിക്കുക. | ാവധി പൂർത്തിയാക്കിയിട്ടില്ല. അപ്പീൽ പരിഗണിക്കുന്നില്ല. |
| **2.** | ഹരികുമാർ.കെ ഐ.ടി.ഐ ചെങ്ങന്നൂർ | **2024** വർഷത്തെ സ്ഥലം മാറ്റത്തിന്റെ കരട് പട്ടികയിൽ സ്ഥലം മാറ്റത്തിനായി പരിഗണിച്ചിട്ടില്ല. ഭിന്നശേഷിക്കാരിയായ ജീവനക്കാരൻ. ഐ.ടി.ഐ ധനുവച്ചപുരം, ഐ.ടി.ഐ ചാക്ക എന്നീ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റത്തിനായി പരിഗണിക്കുക. | സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്ന ധനുവച്ചപുരം ഐ.ടി.ഐ യിൽ നിലവിൽ സേവത്തിലുള്ള ജീവനക്കാരി, ടി സ്ഥാപനത്തിൽ കാലാവധി പൂർത്തിയാക്കിയിട്ടില്ല. കൂടാതെ, ചാക്ക ഐ.ടി.ഐ യിൽ നിലവിൽ സേവനത്തിലുള്ളതും, ഓപ്ഷൻ പ്രകാരവും, പ്രത്യേക മുൻഗണനാ പ്രകാരവും **2023** വർഷത്തെ പൊതുസ്ഥലം മാറ്റത്തിൽ ചാക്ക ഐ.ടി.ഐ ലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചതുമായ ജീവനക്കാരി ടി സ്ഥാപനത്തിൽ കാലാവധി പൂർത്തിയാക്കിയിട്ടില്ല. അപ്പീൽ പരിഗണിക്കുന്നില്ല. |
| **3.** | രതീശൻ നമ്പോലൻ ഐ.ടി.ഐകട്ടപ്പന. | കണ്ണൂർ സ്വദേശി. ഭാര്യ ക്യാൻസർ രോഗത്തിനു ചികിത്സയിലാണ്. ഐ.ടി.ഐ കോഴിക്കോട്, ഐ.ടി.ഐ കണ്ണൂർ എന്നീ സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റത്തിനായി അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും പരിഗണിച്ചിട്ടില്ല. അനുകമ്പാർഹമായ സാഹചര്യം പരിഗണിച്ച് ഒന്നാമത്തെ ഓപ്ഷനിൽ ഉൾപ്പെട്ട സ്റ്റേഷനിൽപ്പെടുന്നതും, മൂന്നാമത്തെ ഓപ്ഷനുമായ കോഴിക്കോട്(വ) ഐ.ടി.ഐ ലേയ്ക്ക് സ്ഥലം മാറ്റത്തിനായി പരിഗണിക്കുക. | ടിയാന്റെ മൂന്നാം ഓപ്ഷനായ കോഴിക്കോട്(വ) ഐ.ടി.ഐ യിലേയ്ക്ക് അർഹയായ ജീവനക്കാരിയെ **(less than 2 year to retire)** സ്പാർക്ക് ക്രമീകരിച്ചിട്ടുണ്ട്. അപ്പീൽ പരിഗണിക്കുന്നില്ല. |

മേല്പറയും പ്രകാരം അപ്പീൽ അപേക്ഷകൾ തീർപ്പാക്കി, 2024 വർഷത്തെ ഡ്രസ്സർ തസ്തികയുടെ പൊതു സ്ഥലം മാറ്റം ചുവടെ ചേർക്കും പ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

| ക്രമ നം | പെൻ | പേര് | സ്ഥാപനം | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | 484839 | ആയിഷ.കെ | ഐ.ടി.ഐ മാള | ഐ.ടി.ഐ (വ) കോഴിക്കോട് | Less than 2 year to retire |
| 2. | 354416 | അജിത.കെ | ഐ.ടി.ഐ (വ) കോഴിക്കോട് | ഐ.ടി.ഐ മാള | - |

സ്ഥലം മാറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരെ അതാത് സ്ഥാപന മേധാവികൾ വിടുതൽ ചെയ്യേണ്ടതും, വിടുതൽ ചെയ്തതും, സേവനത്തിൽ പ്രവേശിച്ചതുമായ വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. നിലവിൽ സേവനത്തിലുള്ള സ്ഥാപനത്തിൽ ഒരു വർഷ സേവന ദൈർഘ്യം ഇല്ലാത്ത അപേക്ഷ പ്രകാരം സ്ഥലം മാറ്റം അനുവദിച്ച ജീവനക്കാർക്ക് ജോയിനിംഗ് ടൈം/ട്രാൻസ്ഫർ റ്റി.എ ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

(ഒപ്പ്)
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**<u>സ്വീകർത്താവ്:-</u>**

ബന്ധപെട്ടജീവനക്കാർ
(സ്ഥാപനമേധാവി മുഖേനെ)

**<u>പകർപ്പ്:-</u>**

1. എല്ലാ യൂണിറ്റ് ഓഫീസർമാർക്കും(ട്രെയിനിംഗ് ഡയറക്ടറേറ്റ്)
2. എല്ലാ സ്ഥാപന മേധാവികൾക്കും
3. വകുപ്പ് വെബ്സൈറ്റ്

**//ഉത്തരവിൻ പ്രകാരം//**

Signed by
Ajith Kumar J B
**സീനിയർ സൂപ്രണ്ട്**
Date: 27-11-2024 16:36:01